സംയുക്ത ട്രേഡ് യൂണിയനുകൾ
കാതിക്കുടം സമരത്തെക്കുറിച്ച് നടത്തുന്ന ആരോപണങ്ങൾക്ക്
മറുപടി പറയുന്നു കാതിക്കുടം സമരസമിതി ചെയർമാൻ

**ടി.ആർ. പ്രേംകുമാർ**

# നഷ്ടപരിഹാരം ആവശ്യപ്പെട്ട്, ഞങ്ങളുടെ സമരത്തിൽ പങ്കെടുക്കൂ

**തൊഴിലാളി സംഘടനകളുടെ ആരോപണങ്ങൾക്ക് എന്താണ് മറുപടി? അവർ ചോദിക്കുന്നതുപോലെ എന്തെങ്കിലും സമവായത്തിന് തയ്യാറാണോ സമരസമിതി? കമ്പനി അടച്ചുപൂട്ടണമെന്ന് പറയുന്നതിനൊപ്പം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പരിപാടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?**
എൻ.ജി.ഐ.എൽ കമ്പനി നിലനിൽക്കുന്നത് തന്നെ വ്യവസായങ്ങളെക്കുറിച്ച് തെറ്റായ സന്ദേശമാണ് നൽകുന്നത്. പരിസ്ഥിതി നശിപ്പിച്ചും പുഴയെ അമിതമായി ചൂഷണം ചെയ്തും കേരളത്തിൽ ആർക്കും എന്തുവേണമെങ്കിലും ആകാം എന്ന സന്ദേശമാണ് ഈ കമ്പനി നൽകുന്നത്. ട്രേഡ് യൂണിയനുകൾ പറയുന്നതുപോലെ വ്യാവസായിക വളർച്ചയല്ല, കൊള്ളയടിക്കലാണ് ഇവിടെ നടക്കുന്നത്. വിഭവങ്ങൾ കൊള്ളയടിച്ച് നടക്കുന്ന വ്യവസായം എങ്ങനെയാണ് വളർച്ച കൊണ്ടുവരുന്നത്? 200 പേർക്ക് മാത്രമാണ് എൻ.ജി.ഐ.എൽ കമ്പനിക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. കമ്പനിയുണ്ടാക്കുന്ന സാമൂഹിക നഷ്ടം പരിഗണിച്ചാൽ അത് ചെറിയ കണക്കാണ്.

കമ്പനി വന്നതുകൊണ്ട് നാട് ഒറ്റപ്പെട്ടുപോവുകയാണ് ചെയ്തത്. കാതിക്കുടത്ത് വരുന്നവർക്ക് അത് ബോധ്യമാകും. ഉത്പന്നത്തേക്കാൾ കൂടുതൽ മാലിന്യം ഉണ്ടാക്കുന്ന കമ്പനിയാണിത്. ഈ 26 ഏക്കർ സ്ഥലത്ത് ആയിരം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങാനുള്ള ചർച്ചകൾക്ക് ഞങ്ങൾ തയ്യാറാണ്. സംയുക്ത ട്രേഡ് യൂണിയൻ അതിന് തയ്യാറാകണം. എന്നിട്ട് ന്യായമായ നഷ്ടപരിഹാരം ആവശ്യപ്പെട്ട്, ഞങ്ങളോടൊപ്പം സമരത്തിൽ പങ്കെടുക്കുകയാണ് വേണ്ടത്. സമരത്തിനോട് അനുഭാവമുള്ള നിരവധി തൊഴിലാളികൾ എൻ.ജി.ഐ.എൽ കമ്പനിയിലുണ്ട്. എന്നാൽ കൂലി കൂട്ടിക്കൊടുത്ത് കമ്പനി തൊഴിലാളികളെ നിശബ്ദരാക്കുകയാണ്.

**ട്രേഡ് യൂണിയനുകൾ ചർച്ചയ്ക്ക് തയ്യാറാകാത്ത സാഹചര്യത്തിൽ ഒരു തീരുമാനം എങ്ങനെയാണ് സാധ്യമാകുന്നത്?**
രാഷ്ട്രീയ തീരുമാനത്തിലൂടെയാണ് കാതിക്കുടത്തെ പ്രശ്നം പരിഹരിക്കേണ്ടത്. അതിനുള്ള സമരമാർഗ്ഗങ്ങളാണ് ഞങ്ങൾ തയ്യാറാക്കുന്നത്. പക്ഷെ ട്രേഡ് യൂണിയനുകൾ ഒരു സമ്മർദ്ദ ശക്തിയായി നിന്ന് അതിനെ പരാജയപ്പെടുത്തുകയാണ്. ലോകത്തിന്റെ പല സ്ഥലങ്ങളിലും തൊഴിലാളി പ്രസ്ഥാനങ്ങൾ കാലോചിതമായി നടത്തിയ പരിഷ്കരണങ്ങളെ സ്വാംശീകരിക്കാൻ തയ്യാറാകാത്തവരാണ് കേരളത്തിലെ തൊഴിലാളി യൂണിയനുകൾ. തൊഴിലാളികളുടെ വിഷയം പരിഗണിക്കാത്ത ഒരു പരിഹാരത്തിനും ഞങ്ങൾ മുതിരില്ല. അതുപോലെ പരിസ്ഥിതിയുടെ വിഷയവും പരിഗണിക്കാൻ അവർ തയ്യാറാകണം. തൊഴിലാളികളെയും ഞങ്ങളെയും ഭിന്നിപ്പിക്കാനുള്ള ശ്രമമാണ് കമ്പനി നടത്തുന്നത്. ഞങ്ങൾ അന്തിമ സമരം പ്രഖ്യാപിച്ച ദിവസം ആക്ഷൻ കൗൺസിലിന്റെ പേരിൽ ഒരു വ്യാജകത്ത് തൊഴിലാളികളുടെ വീട്ടിൽ എത്തിയിരുന്നു. സമരത്തെ എതിർത്താൽ കൈയും കാലും തല്ലിയൊടിക്കുമെന്ന തരത്തിലുള്ള മോശമായ ഭാഷയിലായിരുന്നു കത്തിന്റെ ഉള്ളടക്കം. സമരത്തിൽ പങ്കെടുക്കുന്നവരാരും അത്തരത്തിലുള്ള ഒരു കത്ത് അയയ്ക്കില്ല. കമ്പനി ഭിന്നതയുണ്ടാക്കുന്നതിനായി ബോധപൂർവ്വം ചെയ്യുന്ന കാര്യമാണിത്. തൊഴിലാളികളെ ഞങ്ങളുടെ ശത്രുപക്ഷത്ത് നിർത്തുന്നതുകൊണ്ട് പലർക്കും ലാഭമുണ്ട്. സമരം തുടരേണ്ടത് അവരുടെ ആവശ്യമാണ്. സമരം തുടർന്നാൽ കമ്പ




എ.ഡി 820ൽ മഹോദയപുരം ആസ്ഥാനമാക്കി കുലശേഖരവർമ്മൻ സ്ഥാപിച്ച ചേരസാമ്രാജ്യത്തിന്റെ നീതിബോധത്തിന്റെ പ്രതീകമായ കരിങ്കൽ പരിഹാരം പ്രതീകമായി കാതിക്കുടം സമരത്തിൽ ഉപയോഗിക്കുന്നു.

നിയെ സംരക്ഷിക്കുന്ന വകയിൽ നേതാക്കന്മാർക്ക് ഇഷ്ടം പോലം കാശുകിട്ടും. ഇപ്പോഴും അത് കിട്ടുന്നുണ്ട്.

**വ്യക്തമായ തെളിവുകൾ ലഭിക്കുന്നതുവരെ കമ്പനിയെ പ്രവർത്തിക്കാൻ അനുവദിക്കാത്തത് സമരക്കാരുടെ ധാർഷ്ട്യമാണെന്നാണ് യൂണിയൻകാർ പറയുന്നത്. അതുപോലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി കമ്പനിയുടെ പ്രവർത്തനങ്ങൾ തടയുന്നതായും ആരോപണമുണ്ടല്ലോ?**

കമ്പനിക്കെതിരെയുള്ള വ്യക്തമായ തെളിവുകൾ കൈവശം വച്ചുതന്നെയാണ് ഞങ്ങൾ സമരം ചെയ്യുന്നത്. എത്രയോ തവണ ചാലക്കുടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊന്തിയിട്ടുണ്ട്. കഴിഞ്ഞ മെയ് മാസത്തിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്തിയപ്പോൾ കക്കാട് പ്രൈമറി ഹെൽത്ത് സെന്ററും വാട്ടർ അതോറിറ്റിയും നടത്തിയ തെളിവെടുപ്പിൽ കമ്പനിയുടെ മലിനജല നിർഗമന കുഴലിന് താഴെയുള്ള വെള്ളത്തിൽ ഓക്സിജന്റെ അളവ് കുറവാണെന്ന് കണ്ടെത്തിയിരുന്നു. കമ്പനി അത് മറച്ചുവയ്ക്കുകയും അവർക്ക് അനുകൂലമായി വന്ന ഫിഷറീസ് വകുപ്പിന്റെ കണ്ടെത്തലിനെക്കുറിച്ച് മാത്രം സംസാരിക്കുകയും ചെയ്യുന്നു. 2013 ജൂൺ 16ന് കമ്പനിയുടെ പൈപ്പ് പുഴയിലേക്ക് പോകുന്ന വഴിയിൽ നിന്നും പാടത്തേക്ക് പരന്നൊഴുകിയ മാലിന്യം കാക്കനാട് റീജിയണൽ ലബോറട്ടറിയിൽ ഞങ്ങൾ പരിശോധിച്ചിരുന്നു. അപകടകരമായ തോതിലുള്ള മാലിന്യങ്ങളാണ് അതിൽ കണ്ടെത്താൻ കഴിഞ്ഞത്.

2013 ജൂൺ 20ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയുടെ അനുമതി പുതുക്കിനൽകി എന്നതാണ് വലിയ ചതി. സർക്കാർ തലത്തിൽ കാതിക്കുടത്തെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിരവധി ചർച്ചകൾ നടക്കുന്നതും ഞങ്ങൾ അന്തിമസമരം പ്രഖ്യാപിച്ച വിവരവും അറിയുമായിരുന്നിട്ടും ആരുമായും ഒരു ചർച്ചയും നടത്താതെയാണ് അവർ അനുമതി നൽകിയത്. കമ്പനിക്ക് ചുറ്റും ഒരാളും താമസിക്കുന്നില്ല എന്ന തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പുതുക്കി നൽകിയിരിക്കുന്നത്. കമ്പനിയുടെ ഇത്ര കിലോമീറ്റർ ചുറ്റളവിനുള്ളിൽ ആളുകളില്ലെന്നാണ് അവർ പറയുന്നത്. തദ്ദേശവാസികളുടെ വാദം കേൾക്കാതെയാണ് കമ്പനിക്ക് പി.സി.ബി അനുമതി നൽകിയിരിക്കുന്നത് എന്ന് പരാതിപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഞങ്ങൾ കേസുകൊടുത്തിട്ടുണ്ട്. നാട്ടുകാരുടെ വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ട് 2013 ജൂൺ 11ന് ഹൈക്കോടതി പ്രസ്തുത കേസിൽ ഉത്തരവിട്ടിരുന്നു. പഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷമായി അനുമതി കൊടുക്കാതിരുന്നിട്ടും കമ്പനി പ്രവർത്തിക്കുന്നുണ്ടല്ലോ. പഞ്ചായത്തിന്റെ അധികാരത്തെ അവഗണിച്ചുകൊണ്ട് ഒരു നാട്ടിൽ തുടരുന്നത് നിയമവിരുദ്ധമല്ലേ? ഇതുപോലെ പല കാര്യങ്ങളും പരിശോധിക്കുകയാണെങ്കിൽ നിയമലംഘനങ്ങൾ കാലാകാലങ്ങളിൽ ആരാണ് നടത്തുന്നതെന്ന് ആർക്കും ബോധ്യമാകും.

**കാതിക്കുടത്തുകാർക്ക് പ്രശ്നങ്ങളൊന്നുമില്ലെന്നും പുറത്തുനിന്നെത്തിയവരാണ് പ്രശ്നമുണ്ടാക്കുന്നതെന്നുമായിരുന്നല്ലോ ചില രാഷ്ട്രീയക്കാരുടെയും ട്രേഡ് യൂണിയന്റെയും മാനേജ്മെന്റിന്റെയും വാദം?**

കാതിക്കുടം വിളിക്കുന്നു എന്ന കാമ്പയിനിന്റെ ഭാഗമായാണ് പുറത്തുനിന്നും ഇത്രയധികം ആളുകൾ സമരത്തിൽ പങ്കെടുക്കാനെത്തിയത്. ആ വിളി കേരളം കേട്ടു എന്നാണ് അതിനർത്ഥം. കേരള സമൂഹം ഈ സമരം ഏറ്റെടുക്കണമെന്ന് തന്നെയാണ് ഞങ്ങൾ

ആഗ്രഹിക്കുന്നത്. ഏത് സമരത്തിലും ആർക്കും പങ്കെടുക്കുന്നതിന് അധികാരമുണ്ട്.

നാട്ടുകാരുടെ സമരത്തിൽ പുറത്തുനിന്നെത്തുന്നവരെല്ലാം മാവോയിസ്റ്റുകളാണെങ്കിൽ ഗാന്ധിയാണ് ഇന്ത്യയിലെ ആദ്യത്തെ മാവോയിസ്റ്റ്. കാതിക്കുടത്തുകാർ മാത്രമെ കാതിക്കുടം സമരത്തിൽ പങ്കെടുക്കാവൂ എന്ന് പറയുന്നത് ചരിത്രബോധമില്ലാതെ പുലമ്പുന്ന അബദ്ധമാണ്. ഇവിടെയെത്തുന്നവർ തീവ്രവാദികളാണെങ്കിൽ അത് കണ്ടെത്താനുള്ള സംവിധാനങ്ങളും അധികാരവുമുള്ളവരാണ് വെറുതെ കണ്ണടച്ച് കള്ളം പറയുന്നത്. പോലീസിന്റെ ഗുഡ് സർട്ടിഫിക്കറ്റുമായി വന്ന് സമരം ചെയ്യേണ്ട ബാധ്യത ആർക്കുമില്ല.

> വിദഗ്ധസമിതിയെ വിശ്വാസമുള്ളതുകൊണ്ടല്ല. ജൂൺ 29ന് നടന്ന സർവ്വകക്ഷിയോഗ തീരുമാനത്തിന്റെ പൊതുവികാരത്തെ മാനിക്കുകയായിരുന്നു ഞങ്ങൾ. ജനാധിപത്യ സംവിധാനത്തിൽ സർവ്വകക്ഷിയോഗ തീരുമാനത്തിനുള്ള പ്രാധാന്യത്തെ മാനിക്കുകയായിരുന്നു. കളക്ടറെയും വിശ്വാസത്തിലെടുത്തു.

**സാമ്പത്തിക ആരോപണങ്ങളാണ് ട്രേഡ് യൂണിയൻ പിന്നെ പ്രധാനമായും ഉന്നയിക്കുന്നത്. സമരസമിതി പ്രവർത്തനങ്ങളുടെ കണക്ക് ബോധിപ്പിക്കാൻ കഴിയുമോ എന്നാണ് അവർ ചോദിക്കുന്നത്?**

ബെന്നി തേലക്കാട്ടാണ് ഞങ്ങളുടെ അക്കൗണ്ടന്റ്. എല്ലാ കണക്കുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആർക്കുവേണമെങ്കിലും കണക്ക് പരിശോധിക്കാവുന്നതേയുള്ളൂ. രസീത് വച്ചിട്ടാണ് പണം പിരിക്കുന്നത്. എല്ലാദിവസവും രാത്രി എട്ട് മണിക്ക് സമരപന്തലിൽ കൂടുന്ന മീറ്റിംഗിൽ അന്നന്നത്തെ വരവ് ചിലവ് കണക്കുകൾ ഞങ്ങൾ അവതരിപ്പിക്കാറുണ്ട്. ദാരിദ്ര്യത്തിൽ നിന്നാണ് ഞങ്ങൾ സമരം ചെയ്യുന്നത്. ട്രേഡ് യൂണിയന് കണക്ക് സൂക്ഷിക്കാൻ കുറച്ചുകൂടി എളുപ്പമാണ്. നിറ്റാ ജലാറ്റിൻ കമ്പനിയാണ് അവരുടെ സമരത്തിന് ചിലവ് കൊടുക്കുന്നത്. വിപുലമായ പിരിവെടുപ്പ് നടത്താതെ, ഒരാളുടെ കൈയിൽ നിന്ന് മാത്രം വാങ്ങുന്ന പണമായതുകൊണ്ട് ആ കണക്ക് സൂക്ഷിക്കാൻ എളുപ്പമാണ്. സമരത്തെ തോൽപ്പിക്കാൻ കമ്പനി എത്രയോ ലക്ഷങ്ങൾ ചിലവാക്കുന്നു. ആർക്കെല്ലാം കാശുകൊടുക്കുന്നു. അത്തരം ഭീമമായ അഴിമതിയെക്കുറിച്ചൊന്നും അന്വേഷിക്കാതെ സമരക്കാർക്ക് കണക്കുണ്ടോ എന്ന് ചോദിക്കുന്നതിൽ കുറച്ച് പിശകുണ്ട്.

**മുഖ്യമന്ത്രിയുമായി മുമ്പ് നടന്ന ചർച്ചയിൽ മുന്നോട്ട് വച്ച 16 ഇന പരിപാടി തങ്ങൾ പാലിച്ചിട്ടുണ്ടെന്നാണല്ലോ കമ്പനി പറയുന്നത്?**

15 ഇനം നടപ്പിലാക്കിയെന്നാണ് കമ്പനി പറയുന്നത്. അതിന്റെ ഫലം കാതിക്കുടത്ത് കാണാനില്ല. പുഴയുടെ താഴെ 15 കിലോമീറ്റർ അകലെ വരെ മത്സ്യം ചത്തുപൊന്തിയത് അതിനുശേഷമാണ്. വായു മലിനീകരണം കുറഞ്ഞിട്ടുള്ളതയി ഞങ്ങൾക്ക് തോന്നുന്നില്ല. രൂക്ഷമായ ദുർഗന്ധം തുടരുകയാണ്. രോഗികളുടെ എണ്ണവും കൂടുന്നു. വീടുകളിൽ അഥിതികളൊന്നും അന്തിയുങ്ങാനെത്തുന്നില്ല. ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റിയായി കാതിക്കുടത്തെ ഭൂമി സ്വീകരിക്കുന്നില്ല. മനുഷ്യനെന്ന നിലയിൽ കിട്ടേണ്ട ആനന്ദങ്ങളെല്ലാം നഷ്ടമാകുന്നു. 16 ഇനത്തിലെ, ചാലക്കുടിപ്പുഴ ശുദ്ധീകരിക്കണമെന്ന നിർദ്ദേശം മാത്രമാണ് പാലിക്കാൻ കഴിയാത്തതെ പോയതെന്നാണ് കമ്പനി പറയുന്നത്. പുഴ മലിനീകരിക്കുന്നില്ല എന്നുപറയുന്ന കമ്പനി പിന്നെന്തിനാണ് പുഴ ശുദ്ധീകരിക്കുന്ന ഉത്തരവാദിത്തം ഏറ്റെടുക്കാൻ നിൽക്കുന്നത്.

**സീറോ പൊല്യൂഷനിലേക്ക് എത്താമെന്ന് കമ്പനി പറയുകയാണെങ്കിൽ അവരെ പ്രവർത്തിക്കാൻ അനുവദിക്കുമോ?**

ചാലക്കുടിപ്പുഴയിലേക്ക് രാസമാലിന്യക്കുഴൽ ഇട്ടുകൊണ്ടുള്ള ഒത്തുതീർപ്പുകൾക്കൊന്നും ഞങ്ങൾ തയ്യാറല്ല. പുഴയിലേക്ക് ഇനി മാലിന്യം വിടാൻ പാടില്ല. സീറോ പൊല്യൂഷനിലേക്ക് അവർക്ക് മാറാൻ കഴിയില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളുടെ 60 ശതമാനവും മാലിന്യങ്ങളായി മാറുന്നിടത്ത് എങ്ങനെയാണ് സീറോ പൊല്യൂഷൻ സാധ്യമാകുന്നത്? അങ്ങനെയെങ്കിൽ തന്നെ അതിന് ഒരുപാട് പണം മുടക്കേണ്ടിവരും. അതവർ ചെയ്യുമെന്ന് ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കാൻ കഴിയില്ല. പോലീസുമായി ഗൂഢാലോചന നടത്തി, സമരക്കാരെ തിരഞ്ഞുപിടിച്ച് തല്ലിപ്പിച്ച ഒരു കമ്പനിയെ ജനങ്ങൾ എങ്ങനെ വിശ്വസിക്കാനാണ്? കമ്പനി കാതിക്കുടത്ത് ചെയ്തുകൂട്ടിയതൊന്നും അങ്ങനെ പൊറുക്കാൻ കഴിയുന്ന കാര്യങ്ങളല്ല.

**പലതവണ കയ്പ്പേറിയ അനുഭവമുണ്ടായിട്ടും വിദഗ്ധസമിതി പഠിക്കട്ടെ എന്ന നിലപാടിലേക്ക് സമരസമിതി എന്തുകൊണ്ടാണ് വീണ്ടും എത്തിയത്?**

വിദഗ്ധസമിതിയെ വിശ്വാസമുള്ളതുകൊണ്ടല്ല. ജൂൺ 29ന് നടന്ന സർവ്വകക്ഷി യോഗതീരുമാനത്തിന്റെ പൊതുവികാരത്തെ മാനിക്കുകയായിരുന്നു ഞങ്ങൾ. ജനാധിപത്യ സംവിധാനത്തിൽ സർവ്വകക്ഷിയോഗ തീരുമാനത്തിനുള്ള പ്രാധാന്യത്തെ മാനിക്കുകയായിരുന്നു. കളക്ടറെയും വിശ്വാസത്തിലെടുത്തു. റിപ്പോർട്ട് മൃദുസമീപനം പുലർത്തുന്നതാണെങ്കിൽ പോലും പ്രാഥമികമായി ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാത്ത കമ്പനിയാണ് എൻ.ജി.ഐ.എൽ എന്ന് അതിൽ നിന്നും നമുക്ക് ബോധ്യമാകും. ഇതുവരെ മാസ്ബാലൻസ് സ്റ്റഡി നടത്താതെയാണ് അവർ അവിടെ പ്രവർത്തിക്കുന്നത് എന്നത് കമ്പനിക്കെതിരെയുള്ള ശക്തമായ ഒരു വാദമാണ്. ഇന്ന് റൊക്കം, നാളെ കടം എന്ന റിപ്പോർട്ടിന്റെ സമീപനമാണ് അംഗീകരിക്കാൻ കഴിയാത്തത്. ഇന്ന് സ്റ്റോപ് മെമ്മോ കൊടുക്കാൻ കഴിയില്ല, നാളെ എന്തെങ്കിലും കുഴപ്പമുണ്ടായാൽ അപ്പോൾതന്നെ സ്റ്റോപ് മെമ്മോ കൊടുക്കാമെന്നാണ് റിപ്പോർട്ട് പറയുന്നത്. ഇന്ന് പ്രയോഗിക്കാൻ കഴിയാത്ത അധികാരം നാളെ എങ്ങനെയുണ്ടാകാനാണ്? അന്തിമസമരം പ്രഖ്യാപിച്ച നോട്ടീസിൽ തന്നെ വിദഗ്ധ സമിതികളോട് ഞങ്ങൾക്ക് ഇനി താത്പര്യമില്ലെന്ന് പറഞ്ഞിരുന്നതാണ്. ജനാധിപത്യത്തിൽ വിശ്വാസമർപ്പിച്ച് സമരം ചെയ്യുന്നതുകൊണ്ടാണ് അത് അംഗീകരിച്ചത്. അല്ലാതെ സമരത്തിന്റെ ദൗർബല്യമല്ല അത്. ■

അധികാര വികേന്ദ്രീകരണത്തിന്റെ ദുരവസ്ഥയെക്കുറിച്ച് സംസാരിക്കുന്നു, എൻ.ജി.ഐ.എൽ ആക്ഷൻ കൗൺസിലിന്റെ പ്രതിനിധിയായി കമ്പനി നിൽക്കുന്ന വാർഡിൽ നിന്നും കാടുകുറ്റി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട

**ഷേർളി പോൾ**

# പഞ്ചായത്തിന്റെ തീരുമാനം പ്രധാനമല്ലേ?

**ജനകീയസമരത്തിന്റെ പ്രതിനിധിയായി പഞ്ചായത്ത് തെരഞ്ഞെടുപ്പിലേക്ക് വിജയിക്കുക എന്നത് കേരളത്തിൽ അപൂർവ്വ സംഭവമാണല്ലോ. കമ്പനി നിൽക്കുന്ന വാർഡിൽ തന്നെയാണ് ഷേർളി ചേച്ചി വിജയിച്ചിരിക്കുന്നത്. ആക്ഷൻ കൗൺസിലിന്റെ സ്ഥാനാർത്ഥിയാകാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്?**

കമ്പനിക്കടുത്ത് നിന്നും ഒന്നര കീലോമീറ്റർ അകലെയാണ് എന്റെ വീട്. കമ്പനിയുടെ ദുരിതം വർഷങ്ങളായി നേരിട്ടനുഭവിക്കുന്ന ആളാണ് ഞാൻ. ജനങ്ങളുടെ പ്രതിഷേധം അറിയിക്കാനുള്ള ഒരു മാർഗ്ഗമായാണ് തെരഞ്ഞെടുപ്പിൽ നിൽക്കാൻ തീരുമാനിച്ചത്. ആക്ഷൻ കൗൺസിൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തീരുമാനിച്ചപ്പോൾ എന്നോട് നിൽക്കാൻ പറ്റുമോ എന്ന് ചോദിച്ചു. ഉടൻ തന്നെ ഞാൻ സമ്മതിച്ചു. കമ്പനിയെ അനുകൂലിക്കുന്നവരാണ് മറ്റ് സ്ഥാനാർത്ഥികളെല്ലാം. യു.ഡി.എഫ്-എൽ.ഡി.എഫ് സ്ഥാനാർത്ഥികൾക്ക് കമ്പനി പിന്തുണയും നൽകിയിരുന്നു. അവരിൽ ആര് പഞ്ചായത്തിൽ വന്നാലും കമ്പനിക്ക് അനുകൂലമായി മാത്രമെ നിലപാടെടുക്കൂ എന്നതായിരുന്നു സ്ഥിതി. അതുകൊണ്ട് തന്നെ ആക്ഷൻ കൗൺസിലിന് സ്വാധീനമുള്ള വാർഡുകളിലെല്ലാം അന്ന് ഞങ്ങൾ സ്ഥാനാർത്ഥികളെ നിർത്തിയിരുന്നു.

കമ്പനി സ്ഥിതി ചെയ്യുന്ന വാർഡിൽ തന്നെ സമരത്തിന്റെ പ്രതിനിധി ജയിച്ചതോടെ കമ്പനി മലിനീകരണമുണ്ടാക്കുന്നില്ല എന്ന അവരുടെ വാദം പൊളിഞ്ഞുപോവുകയാണ് ചെയ്തത്. കാതിക്കുടത്തുകാർക്ക് ഒരു പ്രശ്നവുമില്ല. പുറമെ നിന്നെത്തിയവരാണ് പ്രശ്നമെന്നാണ് ഇന്ന് പലരും പറയുന്നത്. അങ്ങനെയെങ്കിൽ എങ്ങനെയാണ് ഞാൻ ഈ വാർഡിൽ ജയിച്ചത്? കമ്പനിക്കെതിരെ കാതിക്കുടത്ത് വികാരമുണ്ടെന്നതിന്റെ തെളിവാണ് എന്റെ വിജയം.